പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 958 **14-10-2026-ൽ മറുപടിയ്ക്ക്**

കുടിവെള്ള വിതരണ ശൃംഖലയുടെ കാലോചിത പരിഷ്കരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. നീലകണ്ഠൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജല അതോറിറ്റിയുടെ കുടിവെള്ള വിതരണ ശൃംഖലയുടെ കാലപ്പഴക്കം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; നിരന്തരമുണ്ടാകുന്ന കുടിവെള്ള പൈപ്പ് പൊട്ടലുകളും ചോർച്ചകളും തടയാൻ സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: കാലപ്പഴക്കം മൂലം കേടുപാടുകൾ സംഭവിക്കുകയും ചോർച്ചയ്ക്കും ജലനഷ്ടത്തിനും കാരണമാകുകയും ചെയ്യുന്ന വിതരണ ശൃംഖലയിലെ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾ നിലവിൽ നടന്നു വരുന്നു. ഇതിനായി അമൃത് (AMRUT), ജൽ ജീവൻ മിഷൻ (JJM), സ്റ്റേറ്റ് പ്ലാൻ, എഡിബി, M.L.A. പദ്ധതികൾക്ക് പുറമേ, വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളിലും ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി സ്ഥാപിച്ചും വിതരണ ശൃംഖലയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട ജലവിതരണം ഉറപ്പാക്കുന്നു.

(ബി) വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് എന്ന് കണ്ടെത്തി പ്രത്യേക പദ്ധതികൾ മുൻകൂട്ടി നടപ്പാക്കുമോ; വിശദമാക്കാമോ;

മറുപടി: വേനൽക്കാലത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി വിവിധ നടപടികൾ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുകയും, ജലസ്രോതസ്സുകളിലെ ലഭ്യത നിരീക്ഷിച്ച് അതിനനുസരിച്ച് പമ്പിങ് ക്രമീകരിക്കുകയും ചെയ്ത് വരുന്നു. ജലദൗർലഭ്യം രൂക്ഷമായ പ്രദേശങ്ങളിൽ കൃത്യമായ വാൽവ് ഓപ്പറേഷനിലൂടെ ജലവിതരണം കാര്യക്ഷമമാക്കുന്നതിനൊപ്പം പമ്പിങ് സമയം വർധിപ്പിക്കുകയും സാധ്യമായ ഇടങ്ങളിൽ ബൂസ്റ്റർ പമ്പുകൾ ഉപയോഗിക്കുകയും ചെയ്ത് വരുന്നു. ജലലഭ്യത ഉറപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടിവെള്ള

വിതരണം നടത്തിവരുന്നു. കൂടാതെ, ഇറിഗേഷൻ വകുപ്പ്, KSEBL എന്നിവയുമായി സഹകരിച്ച് ഡാമുകളിൽ ജലം സംഭരിക്കുന്നതിനും പുഴകളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

ജലനഷ്ടം കുറയ്ക്കുന്നതിനും തടസ്സമില്ലാത്ത ജലവിതരണം ഉറപ്പാക്കുന്നതിനുമായി ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും റണ്ണിങ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പൈപ്പ് ലൈനുകളിലെ ചോർച്ചകൾ സമയബന്ധിതമായി കണ്ടെത്തി പരിഹരിക്കുകയും ചെയ്യുന്നു. കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും, ജലശുദ്ധീകരണശാലകൾ, കിണറുകൾ, ഗ്യാലറികൾ, ലീഡിങ് ചാനലുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും ശുചീകരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നു. കിണറുകളിലേക്കുള്ള നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനായി ചാലുകൾ വെട്ടുകയും താൽക്കാലിക തടയണകൾ സ്ഥാപിക്കുകയും ചെയ്യുന്നു.

വേനൽക്കാലത്ത് ജലദൗർലഭ്യം രൂക്ഷമാകുന്ന സാഹചര്യങ്ങളിൽ പരാതികൾക്ക് തൽസമയ പരിഹാരം ഉറപ്പാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജീകരിക്കുന്നതും ജലമോഷണവും ദുരുപയോഗവും തടയുന്നതിനുള്ള നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതും പരിഗണനയിലാണ്.

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; അവ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള ജല അതോറിറ്റിക്ക് കീഴിൽ ഒരു സ്റ്റേറ്റ് ലാബും, 14 ജില്ലാ ലാബുകളും, 71 ഉപജില്ലാ ലാബുകളും പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് എല്ലാ മാസവും അതാത് ജില്ലകളിലെ വാട്ടർ അതോറിറ്റി സ്കീമുകൾ വഴി നൽകുന്ന ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ടി ലാബുകളിൽ പരിശോധിച്ച് വരുന്നു. കൂടാതെ പരിശോധിച്ച ജലത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയാൽ പരിഹാര നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും തുടർന്ന് ക്വാളിറ്റി കൺട്രോൾ വിഭാഗം പുനഃപരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

നിലവിലുള്ള സവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ